ടി.കെ ഉബൈദ്



സൂറ - 46

# അല്‍ അഹ്ഖാഫ്

الأحقاف

## സൂക്തം 13-14

ഈമാനും കര്‍മവും സത്യദീന്‍ എന്ന നാണയത്തിന്റെ രണ്ടു പുറങ്ങളാണ്. ഈമാന്‍ ഇല്ലാതെ സല്‍ക്കര്‍മവും സല്‍ക്കര്‍മമില്ലാതെ ഈമാനും ഇല്ല. അതുകൊണ്ടാണ് ഖുര്‍ആന്‍ എപ്പോഴും ഈമാനും അമലുസ്സ്വാലിഹാത്തും- സത്യവിശ്വാസവും സല്‍ക്കര്‍മവും- ഒന്നിച്ചു പരാമര്‍ശിക്കുന്നത്.

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿١٣﴾ أُولَٰئِكَ
أَصْحَابُ الْجَنَّةِ خَالِدِينَ فِيهَا جَزَاءً بِمَا كَانُوا يَعْمَلُونَ ﴿١٤﴾

*13*
*ഞങ്ങളുടെ വിധാതാവ് അല്ലാഹുവാകുന്നു എന്ന് പ്രഖ്യാപിക്കുകയും എന്നിട്ടതില്‍ അടിയുറച്ചു നിലകൊള്ളുകയും ചെയ്യുന്നവര്‍ അവരുടെ ഭാവിയെക്കുറിച്ചു ഭയപ്പെടേണ്ടതില്ല, അവര്‍ ദുഃഖിക്കേണ്ടി വരികയുമില്ല.*
*14*
*അവരത്രെ സ്വര്‍ഗാവകാശികള്‍. തങ്ങളുടെ കര്‍മഫലമായി സ്വര്‍ഗത്തില്‍ നിത്യമായി വസിക്കുന്നവര്‍.*

| | |
|---|---|
| പ്രഖ്യാപിച്ചവര്‍ | إِنَّ الَّذِينَ قَالُوا |
| ഞങ്ങളുടെ വിധാതാവ് അല്ലാഹുവാകുന്നു(എന്ന്) | رَبُّنَا اللَّهُ |
| എന്നിട്ട് നേരാംവണ്ണം നിലകൊണ്ടവര്‍ (അതില്‍ അടിയുറച്ചു നില കൊള്ളുകയും ചെയ്യുന്നവര്‍) | ثُمَّ اسْتَقَامُوا |
| അവരുടെ മേല്‍ (ഭാവിയെക്കുറിച്ചു) ഭയമില്ല (ഭയപ്പെടേണ്ടതില്ല) | فَلَا خَوْفٌ عَلَيْهِمْ |
| അവര്‍ ദുഃഖിക്കുന്നവരുമല്ല (ദുഃഖിക്കേണ്ടി വരികയുമില്ല) | وَلَا هُمْ يَحْزَنُونَ |
| അവരത്രെ | أُولَٰئِكَ |
| സ്വര്‍ഗ(ാവകാശികള്‍)ത്തിന്റെ സഖാക്കള്‍ | أَصْحَابُ الْجَنَّةِ |
| അതില്‍ ശാശ്വതരായിട്ട് (സ്വര്‍ഗത്തില്‍ നിത്യമായി വസിക്കുന്നവര്‍) | خَالِدِينَ فِيهَا |
| അവര്‍ ചെയ്തുകൊണ്ടിരുന്നതിന്റെ (തങ്ങളുടെ കര്‍മ) ഫലമായിട്ട് | جَزَاءً بِمَا كَانُوا يَعْمَلُونَ |

സുകൃതരുടെ സ്വഭാവമെന്തെന്നും അവർക്കുള്ള സുവിശേഷം എന്തെന്നും വ്യക്തമാക്കുകയാണീ സൂക്തങ്ങൾ. സത്യവിശ്വാസത്തെയും സൽക്കർമത്തെയും തകർക്കാൻ വരുന്ന സകല പ്രതിലോമ ശക്തികളെയും തൃണവൽക്കരിച്ചുകൊണ്ട് ഞങ്ങളുടെ വിധാതാവ് അല്ലാഹു മാത്രമാകുന്നു എന്ന് ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നവരാണവർ. ഈ പ്രഖ്യാപനം തന്നെ തങ്ങളാണ് എല്ലാം തീരുമാനിക്കുന്നവർ, തങ്ങൾ വിധിക്കുന്ന വിശ്വാസകർമങ്ങൾ ജനങ്ങൾ സ്വീകരിച്ചുകൊള്ളണം എന്ന വരേണ്യവർഗത്തിന്റെ അഹങ്കാരത്തിനേൽപിക്കുന്ന പ്രഹരമാണ്. അല്ലാഹു മാത്രം റബ്ബായിരിക്കുന്നതിന്റെ താൽപര്യങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുക കൂടി ചെയ്യുമ്പോഴാണ് ആ പ്രഖ്യാപനം സാർഥകമാകുന്നത്. അതാണ് ثُمَّ اسْتَقَامُوا ന്റെ താൽപര്യം. വക്രതയും കോട്ടവുമില്ലാതെ നേരെ നിൽക്കലാണ് استقامة. അതിൽനിന്നുള്ള ബഹുവചന ക്രിയയാണ് استقاموا. ഒരു ബിന്ദുവിൽനിന്ന് മറ്റൊന്നിലേക്കുള്ള ഏറ്റം നീളം കുറഞ്ഞ നേർരേഖയെ خط مستقيم എന്നു പറയുന്നു. നിഷ്കളങ്കവും സുദൃഢവുമായ വിശ്വാസവിചാരങ്ങളും ആ വിശ്വാസ വിചാരങ്ങൾക്കൊത്ത സ്വഭാവ ചര്യകളുമാണ് استقامة. അല്ലാഹുവിനെ മാത്രം തന്റെ യജമാനനും സംരക്ഷകനുമായി വരിച്ച് അവന്റെ ഹിതാഹിതങ്ങൾ മാനിച്ചു ജീവിക്കുന്നവർ ഈ ലോകത്ത് എന്തൊക്കെ ക്ലേശങ്ങൾ നേരിടേണ്ടി വന്നാലും അവരുടെ പരലോകത്തെ കുറിച്ച് ഒരു ഭയവും വേണ്ട. അവിടെ അവരൊരിക്കലും ദുഃഖിക്കാനിടയാവുകയില്ല. പരലോകത്ത് അവർ സൗഭാഗ്യങ്ങൾ നിറഞ്ഞ നിത്യസ്വർഗത്തിനവകാശികളാകുന്നു. അതാണ് ഈ ലോകത്ത് കൈക്കൊണ്ട استقامة ന്റെ പരിണതി.

**നിഷ്കളങ്കവും സുദൃഢവുമായ വിശ്വാസവിചാരങ്ങളും ആ വിശ്വാസ വിചാരങ്ങൾക്കൊത്ത സ്വഭാവ ചര്യകളുമാണ് استقامة.**

ഈ സൂക്തങ്ങളുടെ ആശയം നേരത്തെ 41:30-32-ൽ ഇപ്രകാരം അവതരിപ്പിച്ചിട്ടുണ്ട്:

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ الْمَلَائِكَةُ أَلَّا تَخَافُوا وَلَا تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنتُمْ تُوعَدُونَ . نَحْنُ أَوْلِيَاؤُكُمْ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ ۖ وَلَكُمْ فِيهَا مَا تَشْتَهِي أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ. نُزُلًا مِّنْ غَفُورٍ رَّحِيمٍ

(ഞങ്ങളുടെ വിധാതാവ് അല്ലാഹുവാകുന്നു എന്ന് പ്രഖ്യാപിക്കുകയും പിന്നെ അതിൽ നേരാംവണ്ണം നിലകൊള്ളുകയും ചെയ്തവരുണ്ടല്ലോ, നിശ്ചയം അവരുടെ മേൽ മലക്കുകളിറങ്ങുന്നുണ്ട്. മലക്കുകൾ അവരെ ആശംസിക്കുന്നു; ഭയപ്പെടേണ്ട, ദുഃഖിക്കേണ്ട. നിങ്ങൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗലോകത്തിന്റെ സുവാർത്തയാൽ സന്തുഷ്ടരായിരിക്കുവിൻ. ഭൗതിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. അവിടെ ആശിക്കുന്നതെല്ലാം ലഭിക്കും. വേണമെന്നു തോന്നുന്നതെല്ലാം നിങ്ങളുടേതാകും. ഏറ്റം പൊറുക്കുന്നവനും ദയാപരനുമായ അല്ലാഹുവിങ്കൽനിന്നുള്ള ആതിഥ്യമത്രെ അത്).

ഈ രണ്ട് സന്ദർഭങ്ങളിലും സ്വർഗാവകാശം ലഭിക്കുന്ന استقامة-ന്റെ മുന്നുപാധിയായി, 'അല്ലാഹുവാകുന്നു ഞങ്ങളുടെ വിധാതാവ്' എന്ന പ്രഖ്യാപനം- قَالُوا رَبُّنَا اللَّهُ പ്രസ്താവിച്ചിരിക്കുന്നു. മറ്റിടങ്ങളിൽ സ്വർഗാവകാശം ലഭിക്കുന്നവരെ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ - സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർ എന്നു വിശേഷിപ്പിച്ചിട്ടുള്ളതിന് സമാനമാണിത്. അതിന് സൽക്കർമങ്ങൾ- ഇസ്തിഖാമത്ത്- അല്ലാഹുവിങ്കൽ സ്വീകാര്യമാകുന്നത് ഈമാനിന്റെ അകമ്പടിയുള്ളപ്പോൾ മാത്രമാകുന്നു എന്നാണതു സൂചിപ്പിക്കുന്നത്. നല്ലത് നല്ല രീതിയിൽ നിർവഹിക്കുകയാണ് احسان. അല്ലാഹുവിന്റെ ആജ്ഞകൾ അവൻ ആജ്ഞാപിച്ച ക്രമത്തിൽ അനുസരിക്കുന്നവരാണ് مُحْسِنِين. ഭൗതിക ദൃഷ്ട്യാ നല്ലതായി കാണുന്ന കാര്യങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നന്മ-حسنة- ആവണമെന്നില്ല. ഈമാനിന്റെ അഭാവത്തിൽ അതു ചിലപ്പോൾ തിന്മ-سَيِّئَة -യും ആവാം. ഈമാനും കർമവും സത്യദീൻ എന്ന നാണയത്തിന്റെ രണ്ടു പുറങ്ങളാണ്. ഈമാൻ ഇല്ലാതെ സൽക്കർമവും സൽക്കർമമില്ലാതെ ഈമാനും ഇല്ല. അതുകൊണ്ടാണ് ഖുർആൻ എപ്പോഴും ഈമാനും അമലുസ്സ്വാലിഹാത്തും- സത്യവിശ്വാസവും സൽക്കർമവും- ഒന്നിച്ചു പരാമർശിക്കുന്നത്. ●